ഉത്തരം

പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ നിർവ്വാഹമില്ല.

കെ. എസ്. ആർ. ടി. സി. വാങ്ങിയ തുണി

90 [129] ശ്രീ. എം. കെ. കൃഷ്ണൻ:

,, ചടയൻ ഗോവിന്ദൻ:

,, പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-ൽ കെ. എസ്. ആർ. ടി. സി. യിലെ തൊഴിലാളികൾക്കു വേണ്ടി മൊത്തം എത്ര മീറ്റർ തുണി വാങ്ങി. ഇതിൽ കാക്കിത്തുണിയെത്ര; നീലത്തുണിയെത്ര;

(ബി) ഇതിന് എന്തു തുക ചെലവായി;

(സി) 1977-ൽ തൊഴിലാളികൾക്ക് ഓരോ ഇനത്തിലും എത്ര മീറ്റർ തുണി വിതരണംചെയ്തു. ബാക്കി ഓരോ ഇനത്തിലും എത്രവീതം അവശേഷിച്ചു;

(ഡി) 1978-ൽ വാങ്ങിയതിൽ ഓരോയിനവും എത്രവീതം ബാക്കിയുണ്ട്; എത്ര വിതരണംചെയ്തു;

(ഇ) 1977-ൽ എന്തു തുകയ്ക്ക് തുണി വാങ്ങി?

ഉത്തരം

(എ) 1977-ൽ കെ. എസ്. ആർ. ടി. സി. യിലെ തൊഴിലാളികൾക്കു വേണ്ടി മൊത്തം 230578.5 മീറ്റർ തുണി വാങ്ങി. ഇതിൽ 170,570.5 മീറ്റർ കാക്കിത്തുണിയും, 60,008 മീറ്റർ നീലത്തുണിയുമായിരുന്നു.

(ബി) ഉദ്ദേശം 13.6 ലക്ഷം രൂപ.

(സി) 1977-ൽ 168,143.49 മീറ്റർ കാക്കിത്തുണിയും 56,649.86 മീറ്റർ നീലത്തുണിയും വിതരണംചെയ്തു. മുൻകൊല്ലത്തെ ബാക്കി ഉൾപ്പെടെ 3,377.14 മീറ്റർ കാക്കിത്തുണിയും 13,462.28 മീറ്റർ നീലത്തുണിയും അവശേഷിച്ചു.

(ഡി) 1978-ൽ വാങ്ങിയതിൽ ബാക്കി ഇരിപ്പില്ല. (ഉദ്ദേശം 183,000 മീറ്റർ കാക്കിത്തുണിയും 58,000 മീറ്റർ നീലത്തുണിയും തന്നാണ്ടിൽ വിതരണംചെയ്തു.

(ഇ) 1977-ൽ 13.6 ലക്ഷം രൂപയ്ക്ക് തുണി വാങ്ങി.

കെ. എസ്. ആർ. ടി. സി.-യിലെ വിജിലൻസ് അന്വേഷണം

91 [130] സർവ്വശ്രീ പി. വി. കുഞ്ഞിക്കണ്ണൻ:

എൻ. സുബ്രഹ്മണ്യഷേണായി:

സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ 1970-നു ശേഷം എത്ര വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly